# പീച്ചി വാഴാനി

തൃശ്ശൂർ ജില്ലയുടെ കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന വന്യജീവി സങ്കേതമാണ് പീച്ചി - വാഴാനി. സമതലങ്ങളും, മലനിരകളും നിറഞ്ഞ തൃശ്ശൂർ, തലപ്പള്ളി താലൂക്കുകളിൽ ഉൾപ്പെടുന്ന പീച്ചി, വാഴാനി എന്നീ അണക്കെട്ടുകളുടെ ജലസംഭരണിക്കു ചുറ്റുമുള്ള 125 ച.കി.മീറ്റർ പ്രദേശമാണ് 1958-ൽ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്. കടുവ, പുലി, ആന, പുള്ളിപ്പുലി, കാട്ടുപൂച്ച, കരിങ്കുരങ്ങ്, ഹനുമാൻ കുരങ്ങ്, കുട്ടിത്തേവാങ്ക്, ഉടുമ്പ് തുടങ്ങിയ വന്യജീവികളും രാജവെമ്പാലയടക്കം ധാരാളം ഇഴജന്തുക്കളേയും ഇവിടെ കാണാം. ജലസംഭരണികളിൽ വിവിധയിനം മത്സ്യങ്ങളും നീർനായും കാണപ്പെടുന്നു. സസ്യസമ്പത്തിനാൽ അനുഗ്രഹീതമായ ഈ വന്യജീവി സങ്കേതം പക്ഷികളുടെ ആവാസമേഖല കൂടിയാണ്. പീച്ചി വൈൽഡ്‌ലൈഫ് ഡിവിഷന്റെ ഭരണ നിയന്ത്രണത്തിലാണ് പീച്ചി - വാഴാനി വന്യജീവി സങ്കേതം. തൃശ്ശൂർ പട്ടണത്തിൽ നിന്ന് 20 കീ.മീറ്റർ കിഴക്കായി സ്ഥിതി ചെയ്യുന്നു. നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും 65 കീ. മീറ്റർ ദൂരമുണ്ട്.



| | | |
|---|---|---|
| വിസ്തീർണ്ണം | - | 125 ച.കി.മീറ്റർ |
| വർഷപാതം | - | 2500-3000 മി.മീറ്റർ |
| ഊഷ്മാവ് | - | $18^0$ - $39^0$ C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 100 - 915 മീറ്റർ |
| സന്ദർശനകാലം | - | നവംബർ-മാർച്ച് |

താമസ സൗകര്യത്തിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റെസ്റ്റ് ഹൗസും, ഇൻഫർമേഷൻ സെന്ററും ഉപയോഗിക്കാം. ഡോർമിറ്ററി സൗകര്യമുണ്ട്. വള്ളിക്കയം ഭാഗത്തു കാനന യാത്രക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.


*കൂടുതൽ വിവരങ്ങൾക്ക്*

വൈൽഡ്ലൈഫ് വാർഡൻ,

പീച്ചി - വാഴാനി വൈൽഡ്ലൈഫ് ഡിവിഷൻ, പീച്ചി പി.ഒ. - 680653,

തൃശ്ശൂർ (ജില്ല). ഫോൺ : 0487 - 2699017, 9447979103 (മൊബൈൽ)

Web site - www.peechi.org.

E-mail - ww-peechi@forest.kerala.gov.in.





